പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 425

02/12/2014 - ൽ മറുപടിക്ക്

# ഫിഷറീസ് പ്രാഥമിക സഹകരണ സംഘങ്ങളിൽ അഡ്മിനിസ്ട്രേറ്റർ ഭരണം

**ചോദ്യം**

**ശ്രീ. കെ.വി. അബ്ദുൽ ഖാദർ**

(എ) മത്സ്യഫെഡിൽ അഫിലിയേഷനുള്ള ഫിഷറീസ് പ്രാഥമിക സഹകരണ സംഘങ്ങളിൽ അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തിയിട്ടുള്ളത് എത്ര സംഘങ്ങളിലാണ്; ജില്ല തിരിച്ച് വ്യക്തമാക്കാമോ;

**മറുപടി**

**ശ്രീ. കെ. ബാബു**
**(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) :**

(എ) മത്സ്യഫെഡിൽ അഫിലിയേഷനുള്ള ഫിഷറീസ് പ്രാഥമിക സഹകരണ സംഘങ്ങളിൽ 95 സംഘങ്ങളിൽ അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ലയുടെ പേര് | അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തിയിട്ടുള്ള സംഘങ്ങളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 11 |
| 2 | ആലപ്പുഴ | 14 |
| 3 | കൊല്ലം | 4 |
| 4 | കോട്ടയം | 4 |
| 5 | എറണാകുളം | 32 |
| 6 | തൃശ്ശൂർ | 2 |
| 7 | മലപ്പുറം | 24 |
| 8 | കോഴിക്കോട് | 4 |
| 9 | കാസർഗോഡ് | ഇല്ല |
| 10 | കണ്ണൂർ | ഇല്ല |
| 11 | പത്തനംതിട്ട | ഇല്ല |

പാലക്കാട്, ഇടുക്കി, വയനാട് ജില്ലകളിൽ മത്സ്യഫെഡിൽ അഫിലിയേഷൻ ഉള്ള സംഘങ്ങൾ ഇല്ല.

(ബി) മത്സ്യഫെഡ് ഭരണസമിതി തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾക്ക് തുടക്കം കുറിച്ചത് ഏത് തീയതിയിലാണ് ; ഈ തീയതിക്ക് ശേഷം മത്സ്യഫെഡിൽ അംഗത്വമുള്ള എത്ര പ്രാഥമിക സഹകരണ സംഘങ്ങളിൽ അഡ്മിനിസ്ട്രേറ്റീവ് ഭരണം ഏർപ്പെടുത്തുകയുണ്ടായി : വിശദമാക്കാമോ ;

(ബി) മത്സ്യഫെഡ് ഭരണസമിതി അംഗങ്ങളെ തെരഞ്ഞെടുക്കുന്ന നടപടികൾക്കായി 31.10.2014-ലെ ഇ(1)4241/2014/എസ്.സി.ഇ.സി നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാന സഹകരണ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. 31.10.14 - നു ശേഷം മത്സ്യഫെഡിൽ അംഗത്വമുള്ള എറണാകുളം ജില്ലയിലെ ഒരു പ്രാഥമിക സഹകരണ സംഘത്തിൽ അഡ്മിനിസ്ട്രേറ്റീവ് ഭരണം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) മത്സ്യഫെഡിൽ ഭരണസമിതി തെരഞ്ഞെടുപ്പിൽ വോട്ടവകാശമുള്ള അംഗസംഘങ്ങൾ എത്ര; അതിൽ ഇപ്പോൾ അഡ്മിനിസ്ട്രേറ്റീവ് ഭരണത്തിലുള്ളവ എത്ര ; വിശമാക്കാമോ ?

(സി) മത്സ്യഫെഡിൽ ഭരണസമിതി തെരഞ്ഞെടുപ്പിൽ വോട്ടവകാശമുള്ള 644 അംഗസംഘങ്ങൾ ഉണ്ട്. ഇതിൽ അഡ്മിനിസ്ട്രേറ്റീവ് ഭരണത്തിലുള്ള സഹകരണ സംഘങ്ങളുടെ എണ്ണം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം | 19 |
| ആലപ്പുഴ | 31 |
| കൊല്ലം | 10 |
| കോട്ടയം | 4 |
| പത്തനംതിട്ട | ഇല്ല |
| എറണാകുളം | 34 |
| തൃശ്ശൂർ | 2 |
| മലപ്പുറം | 24 |
| കോഴിക്കോട് | 5 |
| കണ്ണൂർ | 2 |
| കാസർഗോഡ് | ഇല്ല |
| ആകെ | 131 |

സെക്ഷൻ ഓഫീസർ.